# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

Email: secretarykkd@gmail.com Website: www.kozhikodecorporation.lsgkerala.gov.in

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

**A1/24966/2023** **Dated: 21/02/2024**

**2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 & 5 പ്രകാരം വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പ്രസിദ്ധപ്പെടുത്തുന്ന അന്തിമ വിജ്ഞാപനം.**

കോഴിക്കോട് മുനിസിപ്പാലിറ്റിയിൽ നിലവിലുള്ള വസ്തു നികുതി, സേവന ഉപനികുതി നിരക്കുകൾ 01/04/2023 തീയതി പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് മുനിസിപ്പൽ കൗൺസിൽ തിരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് മുനിസിപ്പൽ പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത് കൂടിയതും കുറഞ്ഞതുമായ പരിധികൾക്ക് വിധേയമായി 01/04/2023 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 233-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷക്കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി മുനിസിപ്പാലിറ്റി 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപ വിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023-ലെ സ.ഉ.(അച്ചടി) 26/2023/LSGD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ് ആക്റ്റിലെ 233-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (സി) ഖണ്ഡ പ്രകാരം ഓരോ 5 വർഷം കൂടുമ്പോഴും നിശ്ചയിക്കുന്ന വസ്തു നികുതി നിരക്കുകൾ അതിന് മുൻ വർഷത്തിൽ നിലവിലുള്ള നിരക്കിനൊപ്പം 5% കൂടിയ തുകയേക്കാൾ കുറവായിരിക്കുവാൻ പാടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധികൾക്ക് വിധേയമായും ആക്റ്റിലെ 233 വകുപ്പ് (2)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് വിധേയമായും കോഴിക്കോട് മുനിസിപ്പാലിറ്റി താഴെ പറയുന്ന ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ ചുവടെ പറയും പ്രകാരം 09/02/2024 തീയതിയിലെ മുനിസിപ്പൽ കൗൺസിൽ 1-ാം നമ്പർ തീരുമാന പ്രകാരം അന്തിമപ്പെടുത്തിയിട്ടുള്ളതാണ്.

Scanned with OKEN Scanner

| ക്രമ നം | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടേയും വിവരണം | മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രാഥമികമായി നിശ്ചയിച്ച അടിസ്ഥാന നിരക്കുകൾ (2023-24 വർഷം) |
|---|---|---|
| **1** | **പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ** | |
| a | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) 300 ച.മീ. വരെയുള്ളവ | 20/- |
| b | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) 300 ച.മീ. മുകളിലുള്ളവ. | 22/- |
| c | സ്വകാര്യ ഹോസ്റ്റൽ | 75/- |
| d | റിസോർട്ട് | 100/- |
| e | ലോഡ്ജ്, ഹോട്ടൽ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ. 300 ച.മീ. വരെയുള്ളവ. | 75/- |
| f | ലോഡ്ജ്, ഹോട്ടൽമറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ –300 ച.മീ. മുകളിലുള്ളവ | 80/- |
| **2** | **വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ (ഇവയുടെ ആവശ്യത്തിനായുള്ള ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ)** | |
| a -i | പരമ്പരാഗത വ്യവസായ യൂണിറ്റുകൾ (കൈത്തറി ഷെഡ്, കയർ പിരിഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്ക്കരണ ഷെഡ്, മൺപാത്ര നിർമ്മാണ ഷെഡ്, കൈത്തൊഴിൽ ഷെഡ് തുടങ്ങിയവ ഉൾപ്പെടെ) | 22/- |
| ii | കോഴിവളർത്തൽ ഷെഡ്, ലൈവ്സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ് | 25/- |
| iii | ഇഷ്ടികചൂള, തടിമിൽ | 40/- |
| b | **MSME Act 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ** | |
| | a) Micro sector | 25/- |
| | b) small sector | 25/- |
| | c) Medium sector | 40/- |
| c | ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 95/- |
| **3** | **വിദ്യാലങ്ങൾക്കോ ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ** | |
| a | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ (വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ തുടങ്ങിയവ ഉൾപ്പെടെ) | 20/- |
| b | ആശുപത്രി | 35/- |
| **4** | **അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ, ടെലിഫോൺ ടവർ എന്നിവക്കായി ഉപയോഗിക്കുന്നവ** | |
| a | അമ്യൂസ്മെന്റ് പാർക്കുകൾ | 60/- |
| b | മൊബൈൽ ടെലിഫോൺ ടവർ | 800/- |
| c | ടെലികമ്മ്യൂണിക്കേഷൻ പോളുകൾ (ഓരോന്നിന്) | 700/- |

Scanned with OKEN Scanner

| | | |
|---|---|---|
| 5 | **വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നവ** | |
| a | 100 ച.മീ വരെയുള്ളവ | 100/- |
| b | 100 ച.മീ. മുകളിൽ 500 ച.മീ വരെയുള്ളവ | 125/- |
| c | 500 ച.മീ മുകളിലുള്ളവ | 130/- |
| d | മാളുകൾ | 170/- |
| e | സ്വതന്ത്രമായി നിൽക്കുന്നതും മാറ്റി സ്ഥാപിക്കാനാകുന്നതുമായ ബങ്കുകൾ, പെട്ടിക്കടകൾ | 22/- |
| 6 | **മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ** | |
| a | അസംബ്ലി ബിൽഡിംഗ് (കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം തുടങ്ങിയവ ഉൾപ്പെടെ) | 70/- |
| b | ഓഫീസ് കെട്ടിടങ്ങൾ | |
| | i )സർക്കാർ ഓഫീസുകൾ | 22/- |
| | ii)മറ്റ് ഓഫീസ് കെട്ടിടങ്ങൾ | 90/- |
| c | ഗോഡൗൺ ഉൾപ്പെടെയുള്ള സ്റ്റോറേജ് കെട്ടിടങ്ങൾ | |
| | i) 500 ച.മീ. വരെയുള്ളവ | 90/- |
| | ii) 500 ച.മീ. മുകളിലുള്ളവ | 100/- |
| d | സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/ വാണിജ്യ സ്വഭാവത്തോട് കൂടിയവ) | 60/- |
| e | ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 200/- |

മേൽ നിശ്ചയിച്ച പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് തുടർന്നുള്ള ഓരോ വർഷത്തിലു. 5% എന്ന നിരക്കിൽ 2027-28 വർഷം വരെ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാകുന്നതാണ്.

മേഖല വിഭജനം, റോഡ് തരംതിരിവ്, അന്തിമ വിജ്ഞാപനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നഗരസഭ നോട്ടീസ് ബോർഡിലും https://kozhikodecorporation.lsgkerala.gov.in എന്ന വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

KOZHIKODE MUNICIPAL CORPORATION KOZHIKODE-32

സെക്രട്ടറി

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

22/2/24 RO

22/2

Scanned with OKEN Scanner